പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1089 — 08.2.2013 ൽ മറുപടിക്ക്

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി. സുധാകരൻ : | | ശ്രീ.പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതിന് അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏത് സ്കൂളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; | എ) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആലപ്പുഴ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത സ്കൂളിൽ പദ്ധതി ആരംഭിക്കുകയും ചെയ്തു |
| ബി) | പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എത്ര സ്കൂളുകളിലും കോളേജുകളിലും ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | ബി) | 25 ഹയർ സെക്കണ്ടറി സ്കൂളുകളകളിലും 18 കോളേജുകളിലുമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. |
| സി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) | ചീഫ് സെക്രട്ടറി ചെയർമാനും വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായ ഒരു എംപവേർഡ് കമ്മിറ്റിയാണ് ഈ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രസ്തുത പദ്ധതിയുടെ ദൈനംദിന അവലോകനം നടത്തുകയും ചെയ്യുന്നു. വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരും രക്ഷിതാക്കളും ഉൾപ്പെട്ട സ്കൂൾ /കോളേജ് സമൂഹത്തിന്റെ സഹകരണം ഈ പദ്ധതിക്ക് ലഭിക്കുന്നുണ്ട്. 80 സ്ഥാപനങ്ങളിൽക്കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ ഉടൻ തന്നെ ഈ പദ്ധതി ആരംഭിക്കുന്നതാണ്. സ്കിൽ സെക്ടറുകളിൽ കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ